1) **<u>28.06.2017 ബുധനാഴ്ച രാവിലെ 11.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 482–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**ഹാജർ**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീമതി.അനൂജ.എ.എസ്, സെക്രട്ടറി കൊച്ചി കോർപ്പറേഷൻ.
3) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 62/2017–18**

*24.04.2017 തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 480–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ. (അജണ്ടയ്ക്ക് പുറത്തുള്ള ഇനം)*

24.04.2017–ൽ കൂടിയ 480–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം (അജണ്ടയ്ക്ക് പുറത്തുള്ള ഇനം) വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 63/2017–18**

*31.05.2017 ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 481–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

31.05.2017–ൽ കൂടിയ 481–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**3. തീരുമാനം നമ്പർ 64/2017–18**

*24.04.2017–ൽ കൂടിയ 480–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർ നടപടി കുറിപ്പ്.*

24.04.2017–ൽ കൂടിയ 480–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർ നടപടി കുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**4. തീരുമാനം നമ്പർ 65/2017–18**

*ജിസിഡിഎ - പൊതുഭരണ വിഭാഗം - ശ്രീമതി. രൂപ ആർ.റ്റി., സൂപ്രണ്ടിന് ചികിത്സാ ചെലവ് മടക്കി നൽകുന്നത് - സംബന്ധിച്ച്. (നം.1055/ജി.2/2015/ ജി.സി.ഡി.എ.)*

അതോറിറ്റിയിലെ സൂപ്രണ്ട് ശ്രീമതി.രൂപ ആർ.റ്റിക്ക് തന്റെ അമ്മയുടെ ചികിത്സ ചെലവിനത്തിൽ 05.01.2017–ലെ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുള്ള കത്ത് പ്രകാരം 40,940/- രൂപ റീഇംപേഴ്സ് ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 66/2017-18**

*ജിസിഡിഎ - ധനകാര്യ വിഭാഗം - മെ. സണ്ണി ജോസഫ് & അസ്സോസിയേറ്റ്സ്-ന് 34,125/- രൂപ ഫീസ് ഇനത്തിൽ അനുവദിച്ച് നൽകിയത് - സാധൂകരണം - സംബന്ധിച്ച്.*
*(നം.1355/ഫിനാൻസ്/ഡി-1/2005/ജി.സി.ഡി.എ.)*

2015-16 സാമ്പത്തിക വർഷത്തെ അതോറിറ്റിയിലെ ടി.ഡി.എസ് സംബന്ധമായ കണക്കുകൾ തയ്യാറാക്കി ഹിയറിംഗിന് ഹാജരായ വകയിൽ ചാർട്ടേർഡ് അക്കൗണ്ടന്റ് മെ.സണ്ണി ജോസഫ് & അസ്സോസിയേറ്റ്സ് ന് 34,125/- രൂപ ഫീസ് ഇനത്തിൽ അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 67/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - മാതാ നഗർ സ്കൂളിനോട് ചേർന്ന് വഴിയ്ക്ക് അനുവദിച്ച സ്ഥലത്തിന്റെ വില ഇളവു ചെയ്ത് നൽകിയത് - സംബന്ധിച്ച്.*
*(നം. 205/എസ്റ്റേറ്റ്/ബി-1/2015/ജി.സി.ഡി.എ.)*

എളംകുളം വില്ലേജ് സർവ്വേ നം.330/12-ൽ മാതാനഗർ സ്കൂളിനോട് ചേർന്ന് വഴിക്കായി ശ്രീ.കെ.എ.അശോകൻ, ശ്രീ.പി.കെ.വേണു എന്നിവർക്ക് അനുവദിച്ച് നൽകിയ സ്ഥലത്തിന് വില കുറച്ച് നൽകിയ 19.12.2015-ലെ എക്സി.കമ്മിറ്റി തീരുമാനം നം.212/2015-16 റദ്ദ് ചെയ്യുന്നതിനും സ്ഥലത്തിന്റെ യഥാർത്ഥ വില (സെന്റൊന്നിന് 8 ലക്ഷം രൂപ) ഈടാക്കുന്നതിനും തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 68/2017-18**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - AY 2015 - 16 ലെ ആദായ നികുതി ഡിമാന്റിനെതിരെ അപ്പീൽ ഫയൽ ചെയ്തയിനത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റിന് ഫീ അനുവദിച്ചത് - സംബന്ധിച്ച്.*
*(നം.3355/എഫ്ബി1/2015/ജി.സി.ഡി.എ.)*

AY 2015-16-ലെ ആദായ നികുതി ഡിമാന്റിനെതിരെ അപ്പീൽ ഫയൽ ചെയ്തയിനത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനമായ മെ.വിഷ്ണു രാജേന്ദ്രൻ & കമ്പനിക്ക് 11,500/- രൂപ ഫീസായി നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 69/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- കലൂർ കടവന്ത്ര റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ TOC 30.01.2017 വരെ ഒരു ലക്ഷം രൂപയോടു കൂടി ദീർഘിപ്പിച്ച നടപടിയിലെ പിഴ ഒഴിവാക്കുന്നത് - സംബന്ധിച്ച്.*
*(നം. 796/ഇ1/2016/ജി.സി.ഡി.എ.)*

കലൂർ കടവന്ത്ര റോഡിന്റെ പുനരുദ്ധരാണ പ്രവൃത്തിയുടെ TOC 30.01.2017 വരെ ദീർഘിപ്പിച്ച് നൽകിയതിന് കരാറുകാരനായ മെ.ഡീൻസ് കൺസ്ട്രക്ഷൻസിൽ നിന്നും പിഴ ഈടാക്കണമെന്ന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 70/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- കലൂർ കടവന്ത്ര റോഡ് കതൃക്കടവ് മുതൽ കലൂർ വരെയുള്ള റോഡിന്റെ ബിറ്റുമിനസ് പ്രവർത്തികൾ - സംബന്ധിച്ച്. (നം. 796/ഇ1/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കെ.കെ. റോഡിലെ കതൃക്കടവ് മുതൽ കലൂർ വരെയുള്ള റോഡിന്റെ ബിറ്റുമിനസ് പ്രവൃത്തികൾ ടി റോഡിലെ അപകടസാദ്ധ്യത കണക്കിലെടുത്തും ജനകീയ പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിലും മെ.ഡീൻസ് കൺസ്ട്രക്ഷനുമായിട്ടുള്ള കരാർ റദ്ദ് ചെയ്ത് ജിസിഡിഎ ബാലൻസ് പ്രവൃത്തികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ചെയ്ത് കെ.എം.ആർ.എൽ-നെ പ്രവൃത്തി ഏല്പിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 71/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- അതോറിറ്റിയുടെ ബഹു. ചെയർമാന്റെ ഗസ്റ്റ് ഹൗസിലേക്ക് ഫർണിച്ചർ/ഇലക്ട്രോണിക് സാമഗ്രികൾ വാങ്ങിയിട്ടുള്ളത് സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം. 8169/ഇ1/2016/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ബഹു.ചെയർമാന്റെ ഗസ്റ്റ് ഹൗസിലേക്ക് ലിസ്റ്റ് പ്രകാരം 5,39,906/- രൂപയുടെ ഫർണിച്ചർ/ഇലക്ട്രോണിക് സാമഗ്രികൾ വാങ്ങിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 72/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - 31.05.2017 തീയതിയിൽ അതോറിറ്റി സർവ്വീസിൽ നിന്നും അടുത്തൂൺ പറ്റി വിരമിച്ച ശ്രീ.ഹമീദ്കുഞ്ഞ്.എ, സെക്ഷൻ ഓഫീസർ (ഹ.ഗ്രേഡ്) ന്റെ വിരമിക്കലോടനുബന്ധിച്ച് അതോറിറ്റിയിൽ നടത്തിയ സ്ഥാനക്കയറ്റങ്ങൾക്ക് നിർവ്വാഹക സമിതിയുടെ സാധൂകരണത്തിനായും ആയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിനുള്ള തീരുമാനം - സംബന്ധിച്ച്. (നം. 6552/എസ്റ്റാ.2/2013/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം എ) സെക്ഷൻ ഓഫീസർ (ഹ.ഗ്രേ), ബി) സൂപ്രണ്ട്, സി) റവന്യൂ ഇൻസ്പെക്ടർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിക്കുന്നതിനും സർക്കാർ അംഗീകാരത്തിനായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 73/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം ഫിഫ അണ്ടർ 17 പ്രവേശന റോഡിന്റെയും റിംഗ് റോഡിന്റെയും നവീകരണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവർത്തി തുടങ്ങുവാനുള്ള അനുമതി സംബന്ധിച്ച്. (നം. 1190/ഇ2/2016/ജി.സി.ഡി.എ.)*

കലൂർ ജെ.എൻ.ഐ.എസ്-ലെ ഫിഫ അണ്ടർ -17 നോടനുബന്ധിച്ചുള്ള നവീകരണ പ്രവൃത്തിയായ പ്രവേശന റോഡിന്റെയും റിംഗ് റോഡിന്റെയും 2,24,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും പ്രവൃത്തി തുടങ്ങുന്നതിനും തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 74/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ അധികമായി സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചതിന്റെ സാധൂകരണം. (നം. 1023/ഇ3/2017/ജി.സി.ഡി.എ)*

കലൂർ ജെ.എൻ.ഐ.എസിൽ ഫിഫയ്ക്ക് മുന്നോടിയായി പല മീറ്റിംഗുകൾ, ഫിഫ ടീമിന്റെ പരിശോധന, 24 മണിക്കൂറും പണി ഉള്ള സാഹചര്യം മുതലായ കാരണങ്ങളാൽ 23.03.2017 മുതൽ അധികമായി സെക്യൂരിറ്റി ജീവനക്കാരെ നിയോഗിക്കുകയും 17.05.2017 മുതൽ 19.05.2017 വരെ അധികമായി 18 ജീവനക്കാരെ നിയോഗിക്കുകയും ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**14. Same as Item No.12**

**15. തീരുമാനം നമ്പർ 75/2017-18**

*ജിസിഡിഎ - ധനകാര്യ വിഭാഗം- ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്. (നം. 3452/എഫ്.ഡി.3/2012/ജി.സി.ഡി.എ.)*

28.04.2017-ലെ ജി.ഒ (പി) നമ്പർ 56/2017/ധന സർക്കാർ ഉത്തരവ് പ്രകാരം അതോറിറ്റിയിലെ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാർക്ക് മെയ് 2017 മുതൽ വർദ്ധിപ്പിച്ച നിരിക്കിൽ വേതനം നൽകിയ നടപടി സാധൂകരിക്കുന്നതിനും 2017 ഏപ്രിൽ മാസത്തെ കുടിശ്ശിക തുക നൽകുന്നതിനും തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 76/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം- മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ കടമുറി നമ്പർ എസ്-59 - സർവ്വീസ് ലിഫ്റ്റ് ഏരിയ അനുവദിക്കുന്നത് - സംബന്ധിച്ച്. (നം. 4391/സി-15/എസ്-59/ജി.സി.ഡി.എ.)*

മറൈൻഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ എസ്-59 നമ്പർ കടമുറി, സർവ്വീസ് ലിഫ്റ്റ് സ്ഥാപിക്കുന്ന അവസരത്തിൽ ഒഴിഞ്ഞു നൽകണമെന്ന നിബന്ധനയോടെ സർവ്വീസ് ലിഫ്റ്റ് ഏരിയ കൂടി ശ്രീ.പി.എസ്.സലാഹുദ്ദീന് അനുവദിക്കുന്നതിനും ടി നിബന്ധന കരാറിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**<u>17. തീരുമാനം നമ്പർ 77/2017-18</u>**

*ജിസിഡിഎ - ധനകാര്യ വിഭാഗം - ജിസിഡിഎ ജീവനക്കാർക്ക് വർദ്ധിത ക്ഷാമ ബത്ത നൽകുന്നത് - സംബന്ധിച്ച്. (നം. 4661/എഫ്.ബി.5/2013/ജി.സി.ഡി.എ.)*

26.04.2017-ലെ ജി.ഒ(പി) നമ്പർ 55/2017/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം 2017 മെയ് മാസത്തെ ശമ്പളത്തിൽ ജീവനക്കാർക്ക് വർദ്ധിത ക്ഷാമബത്ത അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>18. തീരുമാനം നമ്പർ 78/2017-18</u>**

*ജിസിഡിഎ - പൊതുഭരണ വിഭാഗം - അതോറിറ്റിയുടെ വക്കീൽ പാനലിൽ - അഡ്വ. ശ്രീ. രാജശേഖരൻ നായരെയും ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്. (നം. 3741/ജി.3/2007/ജി.സി.ഡി.എ.)*

ബഹു.ഹൈക്കോടതിയിലും കീഴ്കോടതികളിലും അതോറിറ്റിയുടെ കേസുകൾ വാദിക്കുന്നതിനായി നിലവിലുള്ള വക്കീൽ പാനലിൽ അഡ്വ.പി.രാജശേഖരൻ നായരെ കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**<u>19. തീരുമാനം നമ്പർ 79/2017-18</u>**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയം - ഓഫീസ് സ്പേസ് ഒ.എസ്.-27 & ഒ.എസ്.-62 എന്നിവ യഥാക്രമം ജസ്റ്റിസ് ഗോപിനാഥൻ കമ്മീഷനും ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷനും അനുവദിക്കുന്നത് - സെക്യൂരിറ്റി തുക - മുൻകൂർ വാടക എന്നിവ ഒഴിവാക്കുന്നത് - സംബന്ധിച്ച്.(നം. 1626/എസ്റ്റേറ്റ്/ബി-2/2017/ജി.സി.ഡി.എ.)*

മറൈൻഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ഒ.എസ്-27 ജസ്റ്റിസ് പി.എസ് ഗോപിനാഥൻ കമ്മിഷന് അനുവദിച്ച് നൽകിയതിൽ സെക്യൂരിറ്റി തുക, മുൻകൂർ വാടക എന്നിവയും ഒ.എസ്-62 ജസ്റ്റിസ് പി.എ മുഹമ്മദ് കമ്മീഷന് അനുവദിച്ചതിൽ സെക്യൂരിറ്റി തുകയും സർക്കാർ അനുവാദത്തോടെ ഒഴിവാക്കാമെന്ന് തീരുമാനിച്ചു.

യോഗം 12.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി